പതിനാലാം സമ്മേളനം

## ഗ്രാമവികസന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1394 — 2.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>" ബെന്നി ബെഹനാൻ<br>" ജോസഫ് വാഴയ്ക്കൻ<br>" തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമവികസന പദ്ധതികളുടെ നിർവ്വഹണത്തിൽ കേന്ദ്ര മാനദണ്ഡ ങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | പൊതുവെ തടസ്സം സൃഷ്ടിക്കുന്നില്ല. എന്നാൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, സാധാരണ കൃഷി പണികൾ അനുവദനീയമല്ലാത്തതിനാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് അനിവാര്യമായ നെൽകൃഷി ഉൾപ്പെടെയുള്ള കൃഷിപണികൾ തൊഴിലുറപ്പ് പദ്ധതിയിലേറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. |
| (ബി) | എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ക്കാനുദ്ദേശിക്കുന്നത് ; | (ബി) | കൃഷി/ ക്ഷീര വികസനം/ കയർ/ കൈത്തറി മേഖലകളിലെ പ്രവൃത്തികൾകൂടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേറ്റെടുക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവ്വഹണത്തിന് കേന്ദ്ര മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകൾ വരുത്തുകയുണ്ടായി ; | (സി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 03.01.2014 ൽ പ്രാബല്യത്തിൽ വരത്തക്കവിധം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I ഉം II ഉം ഭേദഗതി വരുത്തിയത് മൂലം ദുർബല ജനവിഭാഗങ്ങൾക്കും ചെറുകിട/നാമമാത്ര കർഷ കർക്കും മൃഗപരിപാലനവുമായി ബന്ധപ്പെട്ട് തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയും മത്സ്യ സംസ്കരണത്തിനുള്ള പ്രവൃത്തികളും ഗ്രാമ പഞ്ചായത്ത്/അംഗൻവാടി കെട്ടിടങ്ങൾ, സ്വയം സഹായ സംഘങ്ങൾക്ക് പൊതുവർക്ക് ഷെഡുകൾ, ഭക്ഷ്യധാന്യ സംഭരണികൾ ഉടങ്ങിയവ ഏറ്റെടുക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്.<br>പി. എം. ജി. എസ്. വൈ. പദ്ധതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽ നിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ലോക്ക് പഞ്ചായത്തുകളുടെ ഉറപ്പിന്മേലാണ് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ ആവശ്യമായ ഭൂമി ലഭിക്കാറില്ല. നിബന്ധനകൾക്ക് |

| | | | |
|---|---|---|---|
| | | | വിധേയമായി 6 മീറ്റർ മുതൽ 7.5 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റോഡിന്റെ കയറ്റിറക്ക ത്തിന്റെ ചരിവ് 10 ന് 1 ൽ നിന്നും 8 ന് 1 ആക്കി മാറ്റിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയത് മൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബല വിഭാഗങ്ങളുടെ വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുതകുന്ന ഉല്പാദനക്ഷമമായ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞി ട്ടുണ്ട്.<br>പി. എം. ജി. എസ്. വൈ. പദ്ധതിയിൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്തതും മുടങ്ങിക്കിടക്കുന്നതുമായ ഫേസ് 2 മുതൽ 7 വരെയുള്ള നിരവധി പ്രവൃത്തികൾ കരാർ ഉറപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ